**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1059.** 30.01.2019 **ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലഹരി വസ്തുക്കളുടെ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ജോയി | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപത്തുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിലും മറ്റും നിരീക്ഷണം നടത്തുകയും പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. വിദ്യാർത്ഥികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ ഇടയിൽ ബോധവത്ക്കരണ പ്രവർത്തനം നടത്തുകയും സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയിഡുകൾ സംഘടിപ്പിച്ചുവരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയവ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു |
| (ബി) | അത്തരത്തിൽ ലഹരിവസ്തുക്കൾ കണ്ടെത്തിയ എത്ര വ്യാപാരികൾക്ക് എതിരെ ഈ സർക്കാർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 3465 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപ പ്രദേശങ്ങളിൽ ലഹരി വില്പന നടത്തുന്നവരെ കണ്ടെത്തുന്നതിന് പ്രത്യേക പരിശോധന നടത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | നടത്താറുണ്ട്. ഷാഡോ എക്സൈസ് ടീമിനെ ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും നടപടിയെടുക്കുകയും ആരോഗ്യം, പോലീസ് എന്നീ വകുപ്പുമായി ചേർന്ന് സംയുക്ത റെയിഡുകൾ നടത്തുകയും ചെയ്തുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**